വർഷം 809640 രൂപ അരിയർ ഉള്ളതായി കാണുന്നു. അതായത് ആകെ ഡിമാന്റിന്റെ 7.7 ശതമാനം തുക പിരിച്ചെടുക്കാനായില്ല .

നികുതി അടവാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ നിലവിലുണ്ട്. ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട് . എന്നിട്ടും നികുതി പിരിവ് പൂർണതയിൽ എത്തിക്കാൻ സാധിക്കുന്നില്ല എന്നത് ഭരണ സംവിധാനത്തിന്റെ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് എൻക്വയറി 08/12.11.2025 പ്രകാരം ഈ വിഷയം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-18 ജനറൽ കമ്മിറ്റി മിനിട്സ് - യോഗനടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നാൽ കുറവ ഗ്രാമപഞ്ചായത്തിന്റെ സകർമ്മ സോഫ്റ്റ്‌വെയറില മിനുട്സ് പരിശോധിച്ചതിൽ 2024-25സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച പല യോഗ മിനിട്ട്സുകളും സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നില്ല എന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി | മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി. | മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി. |
|---|---|---|
| | | |

| | | |
|---|---|---|
| 30.04.2024 | 18.09.2024 | 11.11.2024 |
| 31.05.2024 | 20.11.2024 | 11.12.2024 |
| 12.06.2024 | 19.09.2024 | 11.11.2024 |
| 25.07.2024 | 10.12.2024 | 11.12.2024 |
| 30.08.2024 | 12.12.2024 | 17.12.2024 |
| 30.09.2024 | 19.03.2025 | 05.05.2025 |
| 30.10.2024 | 10.03.2025 | 10.03.2025 |
| 30.11.2024 | 10.03.2025 | 10.03.2025 |
| 31.12.2024 | 02.04.2025 | 08.04.2025 |
| 24.01.2025 | 05.05.2025 | 05.05.2025 |
| 28.01.2025 | 03.06.2025 | 27.06.2025 |
| 27.02.2025 | 03.06.2025 | 11.09.2025 |
| 07.03.2025 | 23.06.2025 | 27.06.2025 |

തുടർന്നുള്ള മീറ്റിങ്ങുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേക്ക് നൽകുന്നതാണെന്ന് അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/24-25/17.11.2025) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മീറ്റിങ്ങുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അടുത്ത ഓഡിറ്റിൽ നിരീക്ഷിക്കുന്നതാണ്.

## 1-19 മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്ന

2024-25 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന ഹെഡുകളിൽ (B-18) മുൻ വർഷങ്ങളിൽ വിവിധ ഏജൻസികളിൽ/ജീവനക്കാർക്ക് മുൻകൂർ നൽകിയതും ഡെപ്പോസിറ്റ് ചെയ്തുമായ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | Head | 2023-24വർഷത്തിൽ നീക്കിയിരിപ്പുള്ളതും 2024-25 വർഷത്തിലും ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| 1 | Temporary Advance For Official Purpose | 15,400 | എന്ത് ആവശ്യത്തിന് ആർക്ക് നൽകിയതെന്ന് വ്യക്തമല്ല |
| 2 | Other Advances | 54,340 | എന്ത് ആവശ്യത്തിന് ആർക്ക് നൽകിയതെന്ന് വ്യക്തമല്ല |

| | | | |
|---|---|---|---|
| 3 | Advance To Implementing Agencies- Deposit With KWA | 16,00,000 | 2021-22 ൽ ഡെപ്പോസിറ്റ് ചെയ്തത്. ഏത് പ്രവൃത്തിക്ക് നൽകിയതെന്ന് വ്യക്തമല്ല |
| 4 | Advance To Implementing Agencies- Deposit With KSEB | 44,83,195 | 2022-23ൽ ഡെപ്പോസിറ്റ് ചെയ്തതാണെന്ന് കാണുന്നു. ഏതെല്ലാം പ്രവൃത്തിക്ക് നൽകിയതെന്ന് വ്യക്തമല്ല |
| 5 | Advance To Implementing Officers | 16,52,472 | ഏതെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകളാണ് ക്രമീകരിക്കാത്തതെന്ന് വ്യക്തമല്ല. |
| 6 | Advance To Other Authorised Agencies | 18,59,711 | എന്ത് ആവശ്യത്തിന് ആർക്ക് നൽകിയതെന്ന് വ്യക്തമല്ല. |
| 7 | Advance To Others | 4,40,000 | എന്ത് ആവശ്യത്തിന് ആർക്ക് നൽകിയതെന്ന് വ്യക്തമല്ല. |

<u>അപാകതകൾ</u>

1) സ.ഉ(കൈ)നം.84/2022/തസ്വഭവ/19.04.2022പദ്ധതി മാർഗ്ഗരേഖ 12.2 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്രമ നം.3,4,6 പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ഏതെല്ലാം പദ്ധതികൾക്ക് നൽകിയതാണെന്നും ആയവയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതും, പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെ മുൻകൂർ തുക ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

2) ക്രമ നം.1, 2, 5, 7 മുൻകൂറുകൾ ആർക്ക് എന്ത് ആവശ്യത്തിന് നൽകിയതെന്നും ആയവ നാളിത് വരെ ക്രമീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വിവിധ ഡെപ്പോസിറ്റുകൾ/മുൻകൂറുകൾ എന്നിവ നിരീക്ഷിക്കുന്നതിന് കഴിയുന്നില്ല.

ഓഡിറ്റ് എൻക്വയറി നം.13/24-25/14.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി അറിയിക്കേണ്ടതുമാണ്.

## 1-20 വസ്തു നികുതി പിരിവ് നോട്ടീസ് വിതരണം- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

വസ്തു നികുതി പിരിവ് നോട്ടീസ് വിതരണം ചെയ്ത വകയിൽ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22400052/03.05.2024 പ്രകാരം 97540/-രൂപ കുടുംബശ്രീ സി.ഡി.എസി ന്റെ അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. കുടംബശ്രീ പ്രവർത്തകർ വിവിധ വാർഡുകളിൽ നോട്ടീസ് വിതരണം ചെയ്തതിന്റെ രേഖകളുണ്ടെങ്കിലും തുക കുടുംബശ്രീ സി.ഡി.എസി ന്റെ അക്കൗണ്ടിൽ നിന്നും വ്യക്തികൾക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.22/24-25/17.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വ്യക്തികളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 97540/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 അംഗീകൃത ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വാങ്ങി നൽകൽ പദ്ധതിയിലെ - അപാകതകൾ

പദ്ധതി: അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകൽ (316/25)

അടങ്കൽ: 2,00,000

ചെലവ് : 159951

ചെക്ക് നമ്പർ: 150322/ 3.09.2024

1. ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥയായ "അംഗീകൃത ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വാങ്ങി നൽകൽ ” എന്ന പദ്ധതി പ്രകാരം ടെണ്ടർ മുഖേന Cosmos Sports World LLP എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ

23240401MJR22197/19.03.2024 പ്രകാരം സ്പോട്സ് കിറ്റുകൾ വാങ്ങി 27 ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ലബ്ബുകളുടെ കൈപ്പറ്റുകൾ ലഭ്യമാക്കിയെങ്കിലും അതിൽ ക്ലബ്ബുകൾ കൈപ്പറ്റിയ സാധനങ്ങളുടെ വിവരമോ എണ്ണമോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ മുഴുവൻ വിതരണം ചെയതിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്. രേഖകൾ പൂർണമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രസ്തുത പദ്ധതി പ്രകാരം സ്പോട്സ് കിറ്റ് കൈപ്പറ്റിയ താഴെ പറയുന്ന ക്ലബ്ബുകളുടെ രജിസ്ട്രേഷൻ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

1) Yuvadhara Vazhakkode

2) KYC Arts And Sports Club, Karichappadi

അപാകതകൾ ചൂണ്ടിക്കാണിച്ച് ഹെഡ് മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (18/15.11.2025) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ- അപാകതകൾ

പദ്ധതി : എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (318/25)

നിർവ്വഹണം : അസി.സെക്രട്ടറി

അടങ്കൽ : 200,000 ( തനതു ഫണ്ട് )

ചെലവ് : 27760 ( തനതു ഫണ്ട് )

ചെക്ക് നമ്പർ : 150322/ 3.09.2024

എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം ഹരിത കർമ്മ സേന അംഗങ്ങൾക്കുള്ള ഗംബൂട്ട്, ഗ്ലൗ എന്നീ സാധനങ്ങൾ ഇൻവോയ്സ് നമ്പർ N000022/13.06.2024 പ്രകാരം HEADCO എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ്. നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ പ്രസ്തുത ഇൻവോയ്സ് പ്രകാരം വാങ്ങിയ സാധനങ്ങൾ ഹരിത കർമ്മ സേന അംഗങ്ങൾക്ക് കൈമാറിയതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച് അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (19/15.11.2025) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 അഡ്വാൻസ് നൽകിയ തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

പദ്ധതി : പാങ്ങ് എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

നമ്പർ : 16/25

നിർവഹണം : മെഡിക്കൽ ഓഫീസർ, PHC

അടങ്കൽ : 15,000,00 രൂപ ( MG. NR.)

ചെലവ് : 14,99997 രൂപ ( MG. NR.)

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി ആകെ പ്രോജക്ട് ചെലവ് തുകയിൽ നിന്ന്, മരുന്ന് ലഭ്യമാക്കുന്നതിന് 100,000 രൂപ KMSCL ന് കൈമാറിയിട്ടുണ്ട് (ബിൽ നമ്പർ: 24151252029201437755/6.03.2025). എന്നാൽ മരുന്ന് ലഭ്യമായിയിട്ടില്ല. പ്രൊഫോർമ ഇൻവോയ്സ് നമ്പർ: PRF3452 /4.02.2025 പ്രകാരമുള്ള മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/ 15.11.2025) മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കിയ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 വിവാഹ ധനസഹായം നൽകൽ - സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പദ്ധതി: പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകൽ (11/25)

നിർവ്വഹണം: അസി.സെക്രട്ടറി

അടങ്കൽ: 500,000 ( വികസന ഫണ്ട് -SCP )

ചെലവ് :375000 ( വികസന ഫണ്ട് -SCP )

ബിൽ നമ്പർ: 2415115203100l689419/25.03.2025

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകൽ " എന്ന പദ്ധതി പ്രകാരം 3 ഗുണഭോക്താക്കളുടെ രക്ഷിതാക്കളുടെ പേരിൽ 125000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഉണ്ണികൃഷ്ണൻ .ഇ എന്ന ഗുണഭോക്താവ് , ബ്ലോക്ക് ഓഫീസിൽ നിന്നും വിവാഹ ധനസഹായം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/ 15.11.2025) മറുപടി നൽകിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-25 മുഴുവൻ പദ്ധതി ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വി.ഇ.ഒ യുടെ ക്യാഷ്ബുക്ക്, Form TR 74(A) E-Bill Statement, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയതും 2024-25 സാമ്പത്തിക വർഷത്തിൽ ചെലവ് വന്നതുമായ താഴെ പറയുന്ന പദ്ധതികളിലെ യഥാർത്ഥ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം., പേര് | യഥാർത്ഥത്തിൽ ചെലവഴിച്ച തുക | സുലേഖ ചെലവ് പത്രികയിൽ ചെലവ് കാണിച്ച തുക | റിമാർക്സ്/ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്ത തുക |
|---|---|---|---|---|
| 1 | 04/25, ലൈഫ് ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം-ജനറൽ | 1,13,20,000<br>(വികസന ഫണ്ട് ജനറൽ- 7940000<br>State Share – 2760000<br>തനത് ഫണ്ട് - 620000) | 1,07,00,000<br>(വികസന ഫണ്ട് ജനറൽ- 7940000<br>State Share – 2760000) | വൗച്ചർനം.22400763/31.03.25, 620000.<br>(19.11.2024 തീയ്യതിയിൽ ചെക്ക് (നം.150342/19.11.24) നൽകിയ ചെലവ് 31.03.2025 തീയ്യതിയിലാണ് ചെലവ് വൗച്ചർ തയ്യാറാക്കിയിട്ടുള്ളത്.) |

| | | | | |
|---|---|---|---|---|
| 2 | 286/25, ലൈഫ് മിഷന്- ഭൂമിയില്ലാത്ത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ - ജനറൽ | 26,00,000 (വികസന ഫണ്ട് ജനറൽ- 16,00,000 തനത് ഫണ്ട് - 10,00,000) | 18,00,000 (വികസന ഫണ്ട് ജനറൽ- 16,00,000 തനത് ഫണ്ട് - 2,00,000) | വൗച്ചർ നം. 22400480/24.10.24, 400000 22400526/28.11.24, 200000 22400628/06.02.25, 200000 |
| 3 | 272/25, ലൈഫ് മിഷന്- ഭൂമിയില്ലാത്ത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ - എസ്.സി (So) | 11,25,000 (തനത് ഫണ്ട്) | 9,00,000 (തനത് ഫണ്ട്) | വൗച്ചർ നം. 22400842/31.03.25, 225000 |

മേൽ പദ്ധതികളുടെ മുഴുവൻ ചെലവും സുലേഖയിൽ ഉൾപ്പെടുത്താത്തതിനാൽ വി.ഇ.ഒ യുടെ പദ്ധതി ചെലവ് ശരിയായി വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ചെലവ് വിശദാംശങ്ങൾ സുലേഖയിൽ എൻട്രി വരുത്തുന്നതിന് പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്നാണ് ഓഡിറ്റ് എൻക്വയറി നം.28/24-25/17.11.2025 ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകതക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-26 കോക്ലിയാർ ഇംപ്ലാന്റേഷൻ -സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് തുക അടവാക്കി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 292/25, കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക അടവാക്കൽ (So) |
| അടങ്കൽ/ചെലവ് തുക | 50000 (വികസന ഫണ്ട് ജനറൽ) |
| വൗച്ചർ നം. | 22400362/30.08.2024 |
| നിർവ്വഹണം | ICDS സൂപ്പർവൈസർ |

മേൽ പദ്ധതിയിൽ (സ.ഉ(സാധാ)നം.162/2023/SJD/26.07.2023 പ്രകാരം) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് വിധേയരായ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു ഗുണഭോക്താവിന് (ആദിൽ എം, S/O സമീർ മുണ്ടൻതോടി, വറ്റല്ലൂർ ) 50,000/-രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താവിന് വേണ്ടി തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക 50000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ 26/24-25/03.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-27 GWD യിൽ ഡെപ്പോസിറ്റ് ചെയ്തത്- പ്രവത്തിപൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| പ്രവൃത്തി | ചെലവ് തുക | വൗച്ചർ നം. തുക | ഏജൻസി |
|---|---|---|---|
| 193/25, സെന്റർ നം.108 പാങ്ങ് ചേണ്ടി അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണവും | 40383 | 22400850/31.03.2025 | GWD മലപ്പുറം |

| | | | |
|---|---|---|---|
| അനുബന്ധ പ്രവർത്തനങ്ങളും | (തനത് ഫണ്ട്) | | |

ഓഡിറ്റ് എൻക്വയറി നം.24/24-25/17.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 40,383/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 KSEB- ഡെപ്പോസിറ്റ് പ്രവൃത്തി- പൂർത്തീകരണ വിവരം ലഭ്യമല്ല

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം KSEB യുടെ വിവിധ സെക്ഷനുകളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം., തീയ്യതി | ഡെപ്പോസിറ്റ് ചെയ്ത തുക | സെക്ഷൻ |
|---|---|---|---|
| 1 | 22400201/26.06.2024 | 16400 | ചട്ടിപ്പറമ്പ് സെക്ഷൻ |
| 2 | 22400828/31.03.2025 | 9690 | ചട്ടിപ്പറമ്പ് സെക്ഷൻ |
| 3 | 22400202/26.06.2024 | 16098 | കൊളത്തൂർ സെക്ഷൻ |
| 4 | 22400203/26.06.2024 | 35105 | കൊളത്തൂർ സെക്ഷൻ |
| 5 | 22400953/31.03.2025 | 11616 | കൊളത്തൂർ സെക്ഷൻ |
| 6 | 22400954/31.03.2025 | 9159 | കൊളത്തൂർ സെക്ഷൻ |
| 7 | 22400964/31.03.2025 | 6529 | കൊളത്തൂർ സെക്ഷൻ |
| ആകെ | | 1,04,597 | |

ഓഡിറ്റ് എൻക്വയറി നം. 23/24-25/17.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം/ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1,04,597/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 എസ്.എസ്.കെ വിഹിതം അടവാക്കൽ -വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 10/25, എസ്.എസ്.എ വിഹിതം അടവാക്കൽ |
| അടങ്കൽ/ചെലവ് | 5,00,000 (വികസനഫണ്ട് ജനറൽ) |
| ബിൽ/വൗച്ചർ നം. | 24151152009901244103/28.01.2025 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 5,00,000രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക 8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 5,00,000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രപ്രകാരം കൃത്യമായ വിനിയോഗ വിവരം ലഭ്യമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്സ് |
|---|---|---|---|---|---|
| 1 | BRC | 12 | 689556 | 64605 | ഗ്രാമപഞ്ചായത്തിലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 12 | 418236 | 39185 | ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് |

| | | | | | |
|---|---|---|---|---|---|
| | | | | | ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 2474 | 618500 | 57948 | ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Free Text Book-UP | 1764 | 705600 | 66109 | ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| 4 | Uniform 2 Set Govt. Schools | 1323 | 793800 | 74372 | ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യൂണിഫോം വിതരണം ചെയ്തു എന്ന വിവരം ലഭ്യമല |

ഓഡിറ്റ് എൻക്വയറി നം.നം.29/24-25/17.11.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയുടെ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കി അറിയിക്കുന്നത് വരെ 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 റോഡ് മെയിന്റനൻസ് ഫണ്ട് 57 ലക്ഷം രൂപ ലാപ്സായി

നിലവിൽ 22 വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം 2024-25 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ്, ഇനത്തിൽ 5716115 രൂപ ലാപ്സായി എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ലഭിച്ച തിയ്യതി | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 17032000 | 15.04.2024 – 5677000<br>13.08.2024 – 5677000<br>30.11.2024 - 5678000 | 11315885 | 5716115 |

മൂന്ന് തവണകളിലായിട്ടാണ് അലോട്ട്മെന്റ് ലഭിക്കുന്നത്. ഇതിൽ അവസാന അലോട്ട്മെന്റ് 30.11.2024 ന് ലഭിച്ചതായി എ.സി.ആറിൽ നിന്ന് വ്യക്തമാവുന്നു. 45 ബില്ലുകളിലായി ആകെ 11315885രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്തിന് തൽവർഷം ചെലവഴിക്കാനായത് എന്ന് കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തുന്ന വിധത്തിൽ 254 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 80% പ്രോജക്ടുകളും റോഡ് പ്രവൃത്തികളാണ്. അനുവദിക്കപ്പെട്ട ഫണ്ടിൽ 56.89 % ഫണ്ട് മാത്രമാണ് വിനിയോഗിക്കാനായത് എന്ന് അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്ററിൽ നിന്ന് വ്യക്തമാവുന്നു. പഞ്ചായത്തിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിനും , റോഡ് ആധുനിക വൽക്കരണം എന്നിവക്ക് മാത്രമാണ് റോഡ് മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ചെലവഴിക്കേണ്ട ഫണ്ടാണ് റോഡ് സംരക്ഷണ ഗ്രാന്റ്.

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലാണ് ഗ്രാന്റ് ലാപ്സായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. , ഗെയ്ൽ പൈപ്പ് ലൈൻ, ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ പല ഗ്രാമ പഞ്ചായത്തുകളിലും , സമയോജിതമായി പ്രോജക്ടുകൾ ഭേതഗതി വരുത്തി ലഭ്യമായ ഫണ്ട് പരമാവധി വിനിയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. 99.7 % റോഡ് ഫണ്ടും വിനിയോഗിക്കാനായ പഞ്ചായത്തുകൾ ജില്ലയിൽ ഉണ്ട്. വികസന കാര്യ സ്ഥിരം സമിതിയുടെ ഇടപെടലുകൾ ഫലപ്രദമായില്ല എന്നും പദ്ധതി അവലോകന യോഗങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കാതിരുന്നതും ഫണ്ട് ലാപ്സാവാൻ സാഹചര്യം ഒരുക്കി എന്ന് വിലയിരുത്തുന്നു. 5716115 രൂപയുടെ ഗുണ ഫലങ്ങൾ ഗ്രാമ പഞ്ചായത്തിലെ പൊതു സമൂഹത്തിന് ലഭ്യമാക്കാൻ സാധിച്ചില്ല എന്നത് ശ്രദ്ധയിൽ പെടുത്തുന്നു. 50 റോഡുകൾ എങ്കിലും നവീകരിക്കാനുള്ള അവസരം ഗ്രാമ പഞ്ചായത്ത് ഭരണ സമിതി, വികസന സ്ഥിരം സമിതി, അസിസ്റ്റന്റ് എഞ്ചിനീയർ

എന്നിവരുടെ സമയോജിതമായ ഇടപെടലുകൾ ഇല്ലാത്തത് കാരണം പാഴാക്കി എന്നത് ഗൗരവത്തോടെ കാണുന്നു.ഓഡിറ്റ് എൻക്വയറി 15/14.11.2025 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-31 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത.

സെക്രട്ടറി നിർവഹണം നടത്തുന്ന 31 പ്രോജക്ടുകളാണ് 2024-25 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 09 പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും അഞ്ച് എണ്ണം സോഴ്സ് ഡിഡക്ഷൻ പ്രോജക്ടുകളുമാണ്. അവശേഷിച്ചവ പുതിയ പ്രോജക്ടുകളുമാണ്. നിർവഹണം നടത്തിയത് കേവലം 06 എണ്ണം മാത്രമാണ്. സുലേഖ ചെലവ് പത്രിക സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയാണ്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവരം പ്രതിഫലിക്കുന്നതല്ല ചെലവ് പത്രിക എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1 – ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ പൊതു വിഭാഗം സാധാരണ വിഹിതം 666340 രൂപയും ചെലവഴിച്ച തുക 3473186 രൂപയുമാണ്. ഇവിടെ വകയിരുത്തൽ ഇല്ലാതെ ചെലവ് രേഖപ്പെടുത്തിയതായി വ്യക്തമാവുന്നു. 478/25, 479/25, 481/25, തുക വകയിരുത്താതെ ചെലവ് രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല.

2 - ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവഹണം നടത്തുന്ന എസ്.സി.പി ഫണ്ട് വകയിരുത്തിയ പ്രജക്ടുകൾ ഇല്ല. എന്നാൽ482/25, 480/25 പ്രോജക്ടുകളിൽ തുക വകയിരുത്തിയിട്ടില്ല.എന്നാൽ ചെലവഴിച്ച തുക 883129 രൂപയുമാണ്. തുകയൊന്നും വകയിരുത്തിയില്ല എങ്കിലും ചെലവുണ്ട് എന്നർഥം.

ഗ്രാമ പഞ്ചായത്തിന്റെ പ്രോജക്ടുകളുടെ അടങ്കൽ, ചെലവ് എന്നിവ വിലയിരുത്തുന്നതിന് അടിസ്ഥാനമാക്കുന്നത് സുലേഖ ചെലവ് പത്രികയാണ്. എന്നാൽ ഓരോ Raw യിലെയും Column ത്തിലെയും തുകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഴ്സ് ഡിഡക്ഷൻ വരുന്ന ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്ന ഘടകങ്ങളാണ്. ഗ്രാമ പഞ്ചായത്തിന് സാങ്കേതികമായി ലഭിക്കാത്ത തുക ചെലവ് ബുക്ക് ചെയ്യുന്ന സാഹചര്യമാണ് ഇവിടെ പ്രകടമാവുന്നത്. അത് ആകെ വരവ് ചെലവ് കണക്കിലും തെറ്റായ വിധത്തിൽ പ്രതിഫലിക്കുന്നു. വാർഷിക കണക്കിലെ ആകെ വരവ് ചെലവ് എന്നിവ പരിശോധിക്കുമ്പോഴും ഈ സോഴ്സ് ഡിഡക്ഷൻ തുകകൾ വരവിൽ ഉൽപ്പെടാതെ ചെലവ് മാത്രമായി ബുക്ക് ചെയ്യുന്ന

സാഹചര്യമാണ് കാണുന്നത്. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. അർഹമായ പരിശോധന നടത്തി ഈ വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 06/12.11.2025 പ്രകാരം അപാകത നിർവഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-32 പഞ്ചായത്ത് സെക്രട്ടറി - പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല.

സെക്രട്ടറി നിർവഹണം നടത്തുന്ന 31 പ്രോജക്ടുകളാണ് 2024-25 വർഷം തയ്യാറാക്കിയിട്ടുള്ളത്. അഞ്ച് പ്രോജക്ടുകൾ സോഴ്സ് ഡിഡക്ഷൻ പ്രോജക്ടുകളാണ്. 09 പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതാണ്. 17 എണ്ണം പുതിയ പ്രോജക്ടുകളുമാണ്. ആകെ പ്രോജക്ടുകളിൽ 06 എണ്ണം മാത്രമാണ് (സോഴ്സ് ഡിഡക്ഷൻ പ്രോജക്ടുകൾ ഒഴികെ) സെക്രട്ടറി നിർവഹണം പൂർത്തിയാക്കിയത് എന്ന് വ്യക്തമാവുന്നു. 20 പ്രോജക്ടുകൾ നിർവഹണം നടത്താൻ സെക്രട്ടറിക്കായിട്ടില്ല എന്ന് വ്യക്തമാവുന്നു.

പ്ലാൻ ജനറൽ , എസ്.സി.പി , മെയിന്റെനൻസ് ഫണ്ടുകൾ വിനിയോഗിച്ചില്ലെങ്കിൽ ലാപ്സാവുന്ന ഫണ്ടുകളാണ്.

നിർവഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിന്റെ പ്രധാന സംഘാടകനാണ് സെക്രട്ടറി. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വളരെ പരിതാപകരമായ അവസ്ഥയിലാണ് എന്ന് വ്യക്തമാവുന്നു. കേവലം 24% പ്രോജക്ടുകളാണ് സെക്രട്ടറി നിർവഹണം നടത്തിയത് എന്ന് കാണുന്നു.

10768152 രൂപ വകയിരുത്തിയ പ്രോജക്ടുകളിൽ 5319147 രൂപ മാത്രമാണ് വിനിയോഗിക്കാനായത്. ഈ ചെലവ് തുകയിൽ 3739005 രൂപയും സോഴ്സ് ഡിഡക്ഷൻ പ്രോജക്ടുകളുടെ ചെലവാണ്. അതായത് 5449005 രൂപയുടെ പ്രോജക്ടുകൾ നിർവഹണം നടത്താൻ സെക്രട്ടറിക്ക് സാധിച്ചില്ല എന്ന് വ്യക്തം. 1.07 കോടി വകയിരുത്തിയ പ്രോജക്ടുകളിൽ 53 ലക്ഷം രൂപ മാത്രമാണ് വിനിയോഗിക്കാനായത് എന്ന് ചുരുക്കം.

പ്ലാൻ ജനറൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ വളരെ മോശം ഫണ്ട് വിനിയോഗമാണ് സാധ്യമായത്. 24.21 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയെങ്കിലും ഒരു രൂപ പോലും വിനിയോഗിച്ചില്ല എന്ന് ചെലവ് പത്രിക സാക്ഷ്യപ്പെടുത്തുന്നു. തനത് ഫണ്ട് 70.56 ലക്ഷം രൂപ വകയിരുത്തിയെങ്കിലും കേവലം 3.8 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചത്.
ഓഡിറ്റ് എൻക്വയറി 09/12.11.2025 പ്രകാരം ഫണ്ട് വിനിയോഗത്തിലെ അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിൽ പുരോഗതി കൈവരിക്കാനായില്ല എന്നത് സെക്രട്ടറിയുടെ വീഴ്ച്ചയായി വിലയിരുത്തുന്നു.

## 1-33 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജില്ലാ പഞ്ചായത്ത് തുക അനുവദിച്ചില്ല.

ഡയറി എകസ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടാണ് 50/25. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനാണ് പ്രൊജക്ട്. ഉൽപാദന മേഖലയിലെ ഈ പ്രൊജക്ടിന് വകയിരുത്തിയ ആകെ അടങ്കൽ പത്ത് ലക്ഷം രൂപയാണ്. പ്ലാൻ ജനറൽ മൂന്ന് ലക്ഷം രൂപയും , ബ്ലോക്ക് പഞ്ചായത്ത് വിഹിതം മൂന്ന് ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം നാല് ലക്ഷം രൂപയുമാണ് വകയിരുത്തിയത്. വകയിരുത്തിയ തുകയിൽ 540066 രൂപ ഏഴ് ബില്ലുകളിലായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1. പഞ്ചായത്ത് പരിധിയിൽ രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വാഴക്കോട് സഹകരണ സംഘത്തിൽ 16 കർഷകരും , ചേണ്ടി സഹകരണ സംഘത്തിൽ 73 കർഷകരും ഉള്ളതായി കാണുന്നു.

2. ഏപ്രിൽ മുതൽ ഫെബ്രുവരി വരെയുള്ള ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ മാർച്ച് മാസത്തെ സബ്സിഡി തുക നൽകാൻ സാധിച്ചിട്ടില്ല എന്ന് ഫയലിൽ നിന്ന് വ്യക്തമാവുന്നു.

3. മാർഗ രേഖ 115/2022 /Lsgd /28.05.2022 പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത വിഹിതം ഉപയോഗിച്ച് സംയുക്ത പ്രോജക്ടായിട്ട് ഈ പദ്ധതി നിർവഹിക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ച് നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ജില്ലാ പഞ്ചായത്ത് ആകെ വകയിരുത്തിയ തുക വെട്ടിക്കുറച്ച് പ്രൊജക്ട് ഭേദഗതി വരുത്തിയതിനാലാണ്, ഈ സാഹചര്യം വന്നത് എന്ന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു.

സംയുക്ത പ്രൊജക്ടുകളിൽ വകയിരുത്തിയ തുക യഥാസമയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം 30/27.10.2025 പ്രകാരം അപാകത ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-34 ഹോമിയോ ആശുപത്രി നവീകരണം: സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകതകൾ.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രി നവീകരണം (205/25] എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പ്രൊഫൈൽ ഷീറ്റ് മേയുന്നതിന് സിംഗിൾ സെക്ഷനായി സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. (ഇനം 1.18) ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്റ്റീൽ പ്രവൃത്തിയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 500000/ 456763 (MG NR) |
| Esti No | LSGD/CELSGED/EST/3587/2024 |
| കരാർ | AE/LSGD/KUR/126/2023-24/07.02.2024 |
| വൗച്ചർ/ ബിൽ | 33/2024-25/13.09.2024 |
| കരാറുകാരൻ | മുളയത്തിൽ കൺസ്ട്രക്ഷൻസ് |

അപാകതകൾ

1)ഷീറ്റ് മേയുന്നതിന് സിംഗിൾ സെക്ഷനായി സ്റ്റീൽ പ്രവൃത്തികൾ ചെയ്യുന്നതിന് DSR Spec Code 10.16.1 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത് (ഇനം 9). പ്രസ്തുത നിരക്ക് Hot Finished Welded Type Tubes ഉപയോഗപ്പെടുത്തി ട്രസ് വർക്ക് ചെയ്യുന്നതിന് അനുവദിക്കാവുന്ന നിരക്ക് ആണ് (169.88/Kg). എന്നാൽ പ്രവൃത്തിയിൽ ജി ഐ സ്ക്വയർ പൈപ്പുകൾ ഉപയോഗിച്ച് സിംഗിൾ സെക്ഷനായിട്ടാണ് സ്റ്റീൽ പ്രവൃത്തികൾ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു പഞ്ചായത്തിൽ ചെയ്തിട്ടുള്ള എല്ലാ സ്റ്റീൽ പ്രവൃത്തികൾക്കും GI പൈപ്പിന്റെ നിരക്ക് ആണ് നൽകിയിട്ടുള്ളത്. ആയതിന് Spec Code 50.10.2 പ്രകാരമുള്ള നിരക്ക് ആണ് അനുവദിക്കാവുന്നത് (153.30/Kg). തെറ്റായ നിരക്ക് അനുവദിച്ചതുമൂലം ആധിക ചെലവ് ഉണ്ടായി (ആകെ ഭാരം 323.467kg).

2)എം ബുക്ക് പരിശോധിച്ചതിൽ റാഫ്റ്ററുകൾക്ക് 75*40*1.6mm സ്ക്വയർ പൈപ്പുകളും, ഗേറ്റ് നിർമ്മിക്കുന്നതിന് 40*40*1.6mm സ്ക്വയർ പൈപ്പുകളും ആണ് ഉപയോഗിച്ചിട്ടുള്ളത്. സ്ക്വയർ പൈപ്പുകൾക്ക് യഥാക്രമം 3.15kg/M, 2.26kg/M ആണ് ഭാരം അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്ക്വയർ പൈപ്പുകൾക്ക് അനുവദിക്കാവുന്ന ഭാരം യഥാക്രമം 2.81kg/M, 1.93kg/M ആണ്. തെറ്റായ ഭാരം അനുവദിച്ചതുമൂലം ആധിക ചെലവ് ഉണ്ടായി (75*40*1.6mm സ്ക്വയർ പൈപ്പ് 191.12 മീറ്ററും, 40*40*1.6mm സ്ക്വയർ പൈപ്പ് 115.17 മീറ്ററുമാണ് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളത്).

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry No.31/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതും, അധിക ചെലവ് കണക്കാക്കി തിരികെ ഈടാക്കുന്നതിനും നിലവിലെ അസി. എൻജിനീയറെ ചുമതലപ്പെടുത്തുന്നു.

## 1-35 മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2024-25 ൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിപ്പെട്ടു.

I). പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2024-25 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ ഉൾപ്പടെ ആകെ 254 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 137 പ്രൊജക്ടുകളിലായി ആകെ 35299518/- രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 254 |
| ആകെ അടങ്കൽ | 63229912 |
| പൂർത്തീകരിച്ച/ ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ എണ്ണം | 137 |
| ഫണ്ട് ചെലവഴിച്ചത് (രൂപയിൽ) | 35299518 |

സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമൂലം ഫണ്ടുകളും ഗ്രാന്റുകളും ലാപ്സാകുന്നുണ്ട്. പ്രൊജക്ടുകൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന്

വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

III). ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം/ഡിപ്രീസേഷൻ ഉൾപ്പടെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ വിഷയങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-36 എം സി എഫ് നവീകരണം; സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത –അധികം തുക നൽകി.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ എം സി എഫ് നവീകരണം (263/25) എന്ന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി പ്രൊഫൈൽ ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ (ഇനം 1.18) ചെയ്തിട്ടുണ്ട്. M Book പരിശോധിച്ചതിൽ സ്റ്റീൽ പ്രവൃത്തികളിൽ 1.6 Mm കനമുള്ള 80*40 സ്ക്വയർ പൈപ്പുകൾ (RHS 80*40*1.6) ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത സ്ക്വയർ പൈപ്പുകൾക്ക് ഒരു മീറ്റർ നീളത്തിന് 3.25 Kg നിരക്കിൽ [Linear Mass Density-3.25 Kg/M] കണക്കാക്കിയാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ മേൽ സ്ക്വയർ പൈപ്പുകളുടെ (RHS 80*40*1.6) ഒരു മീറ്റർ നീളത്തിന് അനുവദിക്കാവുന്നത് 2.93kg ആണ് [Linear Mass Density- 2.93kg/M]. തെറ്റായ നിരക്ക് രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രൊജക്റ്റിന്റെയും അധിക ചെലവിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 1587400/ 1224877 (CFC) |
| Esti No | LSGD/CELSGED/EST/139392/2023 |
| കരാർ | AE/LSGD/KUR/84/2023-24/01.02.2024 |
| വൗച്ചർ/ ബിൽ | 153/2024-25/28.03.2025 (Part) |
| കരാറുകാരൻ | Sajith C T |

അധിക ചെലവിന്റെ വിവരം.

| | |
|---|---|
| മൂല്യ നിർണ്ണയം നടത്തിയ തൂക്കം (Kg) | 930.705 Kg, Ie [286.37m * 3.25kg/M] |
| മൂല്യ നിർണ്ണയം നടത്തേണ്ടിയരുന്ന തൂക്കം (Kg) | 839.06 Kg, Ie [286.37m * 2.93kg/M] |
| നൽകിയ തുക | Rs. 142768/- [Ie, (930.705 Kg) * (153.30/Kg) – (15.2% Tender Variation)+ (18% GST)] |
| നൽകാവുന്ന തുക | Rs. 128710/- [Ie, (839.06 Kg) * (153.30/Kg) – (15.2% Tender Variation)+ (18% GST)] |
| അധികം നൽകിയ തുക | Rs. 14058/- [Ie, 142768- 128710] |
| കുറിപ്പ്- 1. RHS 80*40*1.6mm - ന് എം ബുക്കിൽ അനുവദിച്ചിട്ടുള്ള Linear Mass Density-3.25 Kg/M 2. RHS 80*40*1.6mm - ന് അനുവദിക്കാവുന്ന Linear Mass Density- 2.93 Kg/M | |

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry 30/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ മൂല്യ നിർണ്ണയം മൂലം ഉണ്ടായിട്ടുള്ള അധിക ചെലവ് മെഷർമെന്റ് (തിയ്യതി. 28.06.2024) ചെയ്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് (തിയ്യതി. 29.06.2024) ചെയ്ത അസി. എക്സി. എൻജിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നു. (ഖണ്ഡിക 3-1 കൂടി കാണുക)

## 1-37 കറവപ്പശു വിതരണം- അപേക്ഷകൾ വാങ്ങാതെ ആനുകൂല്യം നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 80/24-25, കറവ പശു വിതരണം |
| അടങ്കൽ | 2640000/- (വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ് & ബിൽ നമ്പർ | 570000/- (വികസന ഫണ്ട്-ജനറൽ)<br>BRN 24151152029101260546/07.02.25 - 270000<br>BRN 24151152029101385931/07.03.25 - 300000 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

മേൽ പ്രൊജക്റ്റ് പ്രകാരം 19 ഗുണഭോക്താക്കൾക്ക് കറവ പശു വിതരണം ചെയ്യുന്നതിനായി എട്ട് ബില്ലുകളിലായി 570000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ഉണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ വാങ്ങാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/2024-25/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപേക്ഷകൾ ഇല്ലാതെ ആനുകൂല്യം നൽകിയ നടപടി ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കുറുവ ഗ്രാമപഞ്ചായത്തിലെ 2024-25 തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | State Bank Of India, Pang Branch | I & II |
| 2 | 4yu Super Market | I & II |
| 3 | VL Hyper Market | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/2024-25/12.11.2025) മറുപടിയായി ക്രമ നം. 2, 3 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്നും ക്രമ നം.1, SBI പാങ്ങ് ബ്രാഞ്ചിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയായ 2500 രൂപ ഈടാക്കിയതിന്റെ രേഖകൾ (റസീറ്റ് നം. R-G100801-25005377/15.11.2025) ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം സി എഫ് നവീകരണം; സ്റ്റീൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ അപാകത –അധികം തുക നൽകി.

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ എം സി എഫ് നവീകരണം (263/25] എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പ്രൊഫൈൽ ഷീറ്റ് മേയുന്നതിനുള്ള സ്റ്റീൽ പ്രവൃത്തികൾ (ഇനം 1.18) ചെയ്തിട്ടുണ്ട്. M Book പരിശോധിച്ചതിൽ സ്റ്റീൽ പ്രവൃത്തികളിൽ 1.6 Mm കനമുള്ള 80*40 സ്ക്വയർ പൈപ്പുകൾ (RHS 80*40*1.6) ഉപയോഗിച്ചിട്ടുള്ളത്. പ്രസ്തുത സ്ക്വയർ പൈപ്പുകൾക്ക് ഒരു മീറ്റർ നീളത്തിന് 3.25 Kg നിരക്കിൽ [Linear Mass Density-3.25 Kg/M] കണക്കാക്കിയാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ മേൽ സ്ക്വയർ പൈപ്പുകളുടെ (RHS 80*40*1.6) ഒരു മീറ്റർ നീളത്തിന് അനുവദിക്കാവുന്നത് 2.93kg ആണ് [Linear Mass Density- 2.93kg/M]. തെറ്റായ നിരക്ക് രേഖപ്പെടുത്തി മൂല്യ

നിർണ്ണയം നടത്തിയത് മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രൊജക്ടിന്റേയും അധിക ചെലവിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 1587400/ 1224877 (CFC) |
| Esti No | LSGD/CELSGED/EST/139392/2023 |
| കരാർ | AE/LSGD/KUR/84/2023-24/01.02.2024 |
| വൗച്ചർ/ ബിൽ | 153/2024-25/28.03.2025 (Part) |
| കരാറുകാരൻ | Sajith C T |

അധിക ചെലവിന്റെ വിവരം.

| | |
|---|---|
| മൂല്യ നിർണ്ണയം നടത്തിയ തൂക്കം (Kg) | 930.705 Kg, Ie [286.37m * 3.25kg/M] |
| മൂല്യ നിർണ്ണയം നടത്തേണ്ടിയരുന്ന തൂക്കം (Kg) | 839.06 Kg, Ie [286.37m * 2.93kg/M] |
| നൽകിയ തുക | Rs. 142768/- [Ie, (930.705 Kg) * (153.30/Kg) – (15.2% Tender Variation)+ (18% GST)] |
| നൽകാവുന്ന തുക | Rs. 128710/- [Ie, (839.06 Kg) * (153.30/Kg) – (15.2% Tender Variation)+ (18% GST)] |
| അധികം നൽകിയ തുക | Rs. 14058/- [Ie, 142768- 128710] |

കുറിപ്പ്-

1. RHS 80*40*1.6mm - ന് എം ബുക്കിൽ അനുവദിച്ചിട്ടുള്ള Linear Mass Density-3.25 Kg/M
2. RHS 80*40*1.6mm - ന് അനുവദിക്കാവുന്ന Linear Mass Density- 2.93 Kg/M

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Audit Enquiry 30/17.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ മൂല്യ നിർണ്ണയം മൂലം ഉണ്ടായിട്ടുള്ള അധിക ചെലവ് മെഷർമെന്റ് (തിയ്യതി. 28.06.2024) ചെയ്ത അസി. എൻജിനീയർ, ചെക്ക് മെഷർമെന്റ് (തിയ്യതി. 29.06.2024) ചെയ്ത അസി. എക്സി. എൻജിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

കുറുവ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ).

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ). | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക. | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക. | റിമാർക്സ്. |
|---|---|---|---|---|
| 13 | 67000 | 67000 | 0 | - |

*01-04-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50/25 -ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 240066 | 240066 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| | 57/25 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 549236 | 549236 | 0 |
| | 103/25- സമഗ്ര നെൽകൃഷി വികസനം | 347735 | 347735 | 0 |
| | കോഴിയൂർ എസ്.സി. കോളനി സമഗ്ര വികസനം | 262478 | 262478 | 0 |
| | **ആകെ** | **13,99,515** | **13,99,515** | **0** |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 364/25 - മെൻസ്ട്രൽകപ്പ് വിതരണം | 244726 | 244726 | 0 |
| | 57/25 - ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 300000 | 0 |
| | **ആകെ** | **5,44,726** | **5,44,726** | **0** |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | സെന്റർ നമ്പർ 108 പാങ്ങ് ചേണ്ടി അംഗൻവാടിക്ക് കുഴൽ കിണർ | 22400850/ 31.03.2025 | 40383 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 40383 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | | | | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | - | 20920583 | | 1816805 | | 19107778.2 |

കുറിപ്പ് :- ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2022-23 | 1-18 | 1400 | ശ്രീമതി. ദാക്ഷായണി, ICDS സൂപ്പർവൈസർ | 1241401488/ 07.08.2024 |

RP-10 പ്രകാരം 2900/- രൂപ കൂടി ഓഡിറ്റ് റിക്കവറി ഉണ്ട്. ആയതിനാൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| - | - | 2013-14 | | കുടിവെള്ള പദ്ധതികൾ പ്രവർത്തനാവലോകനം | ബഹു. നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയാസ്തികൾ- അവലോകനം | ക്രമ നം. 1 വ്യവസായ പ്ലോട്ട് സംബന്ധിച്ച പരാമർശം ഒഴിവാക്കി. ഖ. 173 ക്രമ നം. 2-7 ലെ പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2016-17 | 2(2) | 2016-17 | | അനുബന്ധം | ബഹു. നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2017-18 | 3(3) | 2018-19 | | കുടുംബശ്രീ ഉൽപ്പന്ന വിപണന കേന്ദ്രം പ്രവർത്തന ക്ഷമമായില്ല | -ടി- |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് /സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 1996-97 | 3-5 | ഇ. വനജാക്ഷി | LF 18613/SPL.CELL/SC3/2000 7.1.2002 | 492 | 0 | 492 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 2 | 1999-2000 | | രജനി.പി. കൃഷി ഓഫീസർ | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-6614/ Special Cell /SC-5/2005/31.5.2006 | 54,048 | 0 | 54,048 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2006-07 | 2-1 | ടി.ദിലീപ്കുമാർ, സെക്രട്ടറി | ചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 7,811 | 0 | 7,811 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 2006-07 | 3-11 | ടി.ദിലീപ്കുമാർ, സെക്രട്ടറി | സർചാർജ് സർട്ടിഫിക്കറ്റ് നം.LF-5211/ Special Cell /SC-5/2010/2.5.12 | 51,930 | 0 | 51,930 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)(മുന്നിരിപ്പ് ഉൾപ്പടെ) | 176767502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 106399447 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 14058 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 7,92,520 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 14058 | Ushar Krishnan.G (713558), അസി. എൻജിനീയർ (Rs. 7029/-)<br>Muraleedharan P(442293), അസി. എക്സി. എൻജിനീയർ (Rs. 7029/-) |
| **ആകെ** | | 14058 | |

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 97,540 | ശ്രീ. ജയപ്രകാശ്.ആർ, സെക്രട്ടറി |
| 1-26 | 50,000 | ശ്രീമതി. തങ്കം. പി , ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-27 | 40,383 | ശ്രീ. ജ്യോതിസ്.ടി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-28 | 1,04,597 | ശ്രീ. ഷോമി ജോസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് (67603)<br>ശ്രീ. ജ്യോതിസ്.ടി, സെക്രട്ടറി-ഇൻ-ചാർജ്ജ് (36994) |
| 1-29 | 5,00,000 | ശ്രീ. ജ്യോതിസ്.ടി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 7,92,520 | |

**ഡി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**

ഇല്ല

**എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| Ushar Krishnan.G (713558), അസി. എൻജിനീയർ | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം | ആലുന്നതിൽ വീട്, വെങ്കുളം, എടവ (പി.ഒ), തിരുവനന്തപുരം<br>പിൻ 695311<br>മൊബൈൽ - 6282737808<br>Usharkrishnang714@Gmail.Com |
| Muraleedharan P(442293), അസി. | ശ്രീ. മുരളീധരൻ.പി, അസി.എക്സിക്യൂട്ടീവ് | ബിന്ദു നിവാസ്, പട്ടാമ്പി റോഡ്,പെരിന്തൽമണ്ണ, മലപ്പുറം ജില്ല, |

| | | |
|---|---|---|
| എക്സി. എൻജിനീയർ | എൻജിനീയർ, മങ്കട ബ്ലോക്ക് പഞ്ചായത്ത് | പിൻ -679322<br>Aeelsgdmkd@Gmail.Com<br>മൊബൈൽ - 9142077963 |
| | | |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെഎണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.എം.14/1383(1)/99 തിയ്യതി 07.10.2010 | 21 |
| 2 | 1997-98 | എൽ.എഫ്.എം.14/1382/99 തിയ്യതി 07.10.2010 | 21 |
| 3 | 1998-99 | എൽ.എഫ്.എം.11/147/04 തിയ്യതി 07.10.2010 | 13 |
| 4 | 1999-2000 | എൽ.എഫ്.എം.14/570/03 തിയ്യതി 07.10.2010 | 14 |
| 5 | 2000-01 | എൽ.എഫ്.എം.11/571/03 തിയ്യതി 07.10.2010 | 19 |
| 6 | 2001-02 | എൽ.എഫ്.എം.12/485/08 തിയ്യതി 07.10.2010 | 25 |
| 7 | 2002-03 | എൽ.എഫ്.എം.12/2090/06 തിയ്യതി 07.10.2010 | 13 |
| 8 | 2003-04 | എൽ.എഫ്.എം.12/2350/07 തിയ്യതി 07.10.2010 | 13 |
| 9 | 2004-05 | എൽ.എഫ്.എം.12/1146/08 തിയ്യതി 07.10.2010 | 16 |
| 10 | 2005-06 | എൽ.എഫ്.എം.12/2120/09 തിയ്യതി 07.10.2010 | 15 |
| 11 | 2006-07 | എൽ.എഫ്.എം.12/2121/09 തിയ്യതി 07.10.2010 | 22 |
| 12 | 2007-08 | എൽ.എഫ്.എം.11/1001/11 തിയ്യതി 08.08.2011 | 14 |
| 13 | 2008-09 | എൽ.എഫ്.എം.11/2042/10 തിയ്യതി 11.10.2011 | 5 |
| 14 | 2009-10 | എൽ.എഫ്.എം.11/2189/13 തിയ്യതി 17.01.2014 | 17 |

| | | | |
|---|---|---|---|
| 15 | 2011-12,12-13 | കെ.എസ്.എ.എം.പി.എം.11/224/15 തിയ്യതി 24.06.2017 | 20 |
| 16 | 2013-14,14-15 | കെ.എസ്.എ.എം.പി.എം.11/1431/2016 തിയ്യതി 28.06.2017 | 17 |
| 17 | 2015-16 | കെ.എസ്.എ.എം.പി.എം.11/2684/2016 തിയ്യതി 21.02.2018 | 13 |
| 18 | 2016-17 | കെ.എസ്.എ.എം.പി.എം.11/1432/2017 തിയ്യതി 21.07.18 | 22 |
| 19 | 2017-18 | കെ.എസ്.എ.എം.പി.എം.11/2425/2018 തിയ്യതി 04.05.2019 | 17 |
| 20 | 2018-19 | കെ.എസ്.എ.എം.പി.എം.11/2293/2019 തിയ്യതി 10.08.2020 | 13 |
| 21 | 2019-20 | കെ.എസ്.എ.എം.പി.എം.11/830/2022 തിയ്യതി 20.12.2022 | 24 |
| 22 | 2020-21 | കെ.എസ്.എ.എം.പി.എം.11/1690/2024(2) തിയ്യതി 05.04.2025 | 17 |
| 23 | 2021-22 | കെ.എസ്.എ.എം.പി.എം.11/1786/2024 തിയ്യതി 05-04-2025 | 24 |
| 24 | 2022-23 | കെ.എസ്.എ.എം.പി.എം.11/1690/2023(3) തിയ്യതി 05-04-2025 | 27 |
| 25 | 2023-24 | കെ.എസ്.എ.എം.പി.എം.11/2235/2024 തിയ്യതി 15-03-2024 | 33 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2 (1) dated 2 (1) dated 17-07-2025 and submitted on 22-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kuruva Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my

audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kuruva Grama Panchayat as on 31-03-2025

**Date: 27/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kuruva Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

## 2.Other Observations

1.The amounts mentioned in both ACR and AFS are differed for the items below

Development fund-General

Development fund-SCP

Development fund-CFC -tied

Development fund-CFC -un tied

2. The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios
Notes on accounts
Comparative amounts

3. The annual abstracts of Licence fee rgister, proffession tax register, rent register are not attested by the secretary

4. Worksheet for the calculation of depreciation for fixed assets was not produced for auditing

5. Advance register is not up to date

6. Deposit register is not up to date

7. Loan register is not complete

8. Bank reconciliation statements are not kept attested by the secretary every month.

9. *Bank statements and Reconciliation statements are not produced for Audit for the* following bank accounts shown in RP 40(b) Schedule

*SBI PLAN 9760 (1530227/-)*

*Co-op.Bank of own Revenue fund (2770/-)*

*10. Audit recovery register is not produced for verification.*

11. The Asset Register has not been upto dated

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്